(സി) കേരള സഹകരണ നിയമത്തിൽ വകുപ്പ് 57(ഡി) പ്രകാരം റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തുകയുണ്ടായി. റിസ്ക് ഫണ്ട് പദ്ധതി 1-4-2008 മുതൽ പ്രാബല്യത്തിൽ വരുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. റിസ്ക് ഫണ്ട് പദ്ധതി ബാധകമായ സഹകരണ സംഘങ്ങൾ റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരേണ്ടതാണെന്നും റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരുന്നതിൽ വീഴ്ചയുണ്ടായാൽ വായ്പാ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് വായ്പ നൽകാൻ അവകാശമുണ്ടായിരിക്കില്ലെന്നും, വായ്പ നൽകുന്നതിൽ നിന്നും പ്രസ്തുത സംഘങ്ങൾക്ക്/ബാങ്കുകൾക്ക് വിലക്ക് കൽപ്പിച്ച് ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരമുണ്ടെന്നും സഹകരണ നിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തി. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കാൻ കേരള സഹകരണ നിയമം 57-ാം വകുപ്പ് പ്രകാരം രൂപീകൃതമായ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിനെ ചുമതലപ്പെടുത്തുകയുണ്ടായി. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി തൃശ്ശൂർ ജില്ലയിൽ ബോർഡിന് ഒരു മേഖലാ ഓഫീസ് തുടങ്ങിയിട്ടുണ്ട്. റിസ്ക് ഫണ്ട് പദ്ധതി സംബന്ധിച്ച് മാധ്യമങ്ങൾ മുഖേന പ്രചാരണം നൽകിയിട്ടുണ്ട്. സ്കീം സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാ അംഗ സംഘങ്ങൾക്കും സർക്കിൾ സഹകരണ യൂണിയനും അയച്ചുകൊടുത്തിട്ടുണ്ട്. റിസ്ക് ഫണ്ട് പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. റിസ്ക് ഫണ്ട് പദ്ധതിയുടെ കോർപസ് ഫണ്ടിലേക്ക് സർക്കാർ വിഹിതമായി 12,14,45,657 രൂപ അനുവദിച്ചിട്ടുണ്ട്. നാളിതുവരെ 23082 വായ്പകൾക്കായി 154,79,28,156 രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്.

റൂഫ് ടോപ്പ് സോളാർ പാനൽ പദ്ധതി

27(*57) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂഫ് ടോപ്പ് സോളാർ പാനൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് പാരിസ്ഥിതിക പ്രശ്നങ്ങൾ ഇല്ലാത്ത നവീകരണോർജ്ജം പരമാവധി പ്രയോജനപ്പെടുത്തുക, ഉപഭോക്താക്കൾക്ക് ആവശ്യമായ വൈദ്യുതോർജ്ജം പരമാവധി സ്വയം ഉൽപ്പാദിപ്പിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുക, സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുന്ന വൈദ്യുതിയുടെ അളവ് കുറയ്ക്കുക, നിയമപരമായ നവീകരണ ഊർജ്ജ ക്രയ ബാധ്യത RPO (Renewable Purchase Obligation) നിറവേറ്റുക തുടങ്ങിയ കാര്യങ്ങളാണ് റൂഫ് ടോപ്പ് സോളാർ പ്ലാന്റുകൾ പോലുള്ള പദ്ധതികൾ കൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) 2012-13-ൽ ഭരണാനുമതി ലഭിച്ച 10000 സൗരഗൃഹ പദ്ധതിയിൽ സംസ്ഥാന സർക്കാർ 24.96 കോടി രൂപ വകയിരുത്തി 6400 പവർ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള അനുമതിയും തുടർന്ന് 2014-15-ൽ 14.04 കോടി രൂപ വകയിരുത്തി ബാക്കിയുള്ള 3600 പവർ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള അനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 8000-ത്തിലധികം വീടുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചുകഴിഞ്ഞു. ഇതിനായി ഏകദേശം 24.3 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. സോളാർ കണക്ട് ശൃംഖലാ ബന്ധിത പദ്ധതിയിൽ 2015-16 കാലയളവിൽ സംസ്ഥാന ഗവൺമെന്റ് 15.47 കോടി രൂപ വകയിരുത്തിയിട്ടുണ്ട്, ഈ പദ്ധതി നടപ്പാക്കിവരുന്നു.

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നവീകരണ ഊർജ്ജം പ്രോത്സാഹിപ്പിക്കുന്നതിനായി 15-6-2015-ലെ ബോർഡ് ഉത്തരവ് പ്രകാരം ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ Renewable Energy and Energy Savings രൂപീകരിച്ചിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ സ്വന്തം കെട്ടിടങ്ങളുടെ മുകളിൽ Roof Top Solar-ഉം ബോർഡിന്റെ സ്വന്തം സ്ഥലത്ത് Ground Mounted Solar-ഉം സ്ഥാപിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിന് സമ്പൂർണ്ണ വികസന പദ്ധതി

28(*58) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. ടി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ദുരിതങ്ങൾ അനുഭവിക്കുന്ന ജനവിഭാഗത്തിന് ഒരു സമ്പൂർണ്ണ വികസന പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly